**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4083** **24.08.2017 ൽ മറുപടിയ്ക്ക്**

**കൊട്ടാരക്കര എക്സൈസ് സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കൊട്ടാരക്കര എക്സൈസ് സമുച്ചയ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ; | (എ) | കൊട്ടാരക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി അനുമതി ലഭിച്ചിരുന്ന കൊട്ടാരക്കര വില്ലേജിൽ റീസർവ്വേ നമ്പർ 87/5 (പഴയ സർവ്വേ നമ്പർ 125/1&125/2) ഏരിയ 13.45 ആർ സ്ഥലത്ത് കോംപ്ലക്സ് നിർമ്മാണത്തിനെതിരായി ബഹു.കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി(സി)36002/10, കൊട്ടാരക്കര സബ് കോടതിയിൽ ഒ.എസ്.128/11, കൊല്ലം വഖഫ് കോടതിയിൽ ഒ.പി.122/15 ൽ ഐ.എ.133/15 എന്നീ കേസുകൾ നിലവിൽ ഉണ്ടായിരുന്നതിനാൽ പ്രസ്തുത എക്സൈസ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചില്ല. നിലവിൽ ടി കേസുകൾ വകുപ്പിന് അനുകൂലമായി വിധിയായിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിനായി എക്സൈസ് വകുപ്പിന്റേതല്ലാത്ത സ്ഥലങ്ങൾ നിർദ്ദേശിച്ചിരുന്നോ; ആയതിൽ വകുപ്പിന്റെ അഭിപ്രായം വെളിപ്പെടുത്തുമോ? | (ബി) | നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി കൊട്ടാരക്കര റെയിൽവേ സ്റ്റേഷനു സമീപത്തായി സർക്കാർ പുറമ്പോക്ക് ആയുള്ള ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തോട്ടുകൂടിയതും 25 വർഷങ്ങൾക്കുമുമ്പ് ഇലക്ട്രിസിറ്റി ബോർഡ് ഓഫീസായി പ്രവർത്തിച്ചിരുന്നതായി |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയിരിക്കുന്നതുമായ 20 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് കൈമാറി എക്സൈസ് കോംപ്ലക്സ് നിർമ്മാണം നടത്തുന്നതിന് അനുമതിക്കായി കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ കൊട്ടാരക്കര തഹസിൽദാരുടെ അഭിപ്രായത്തിനായി അയച്ചിട്ടുള്ളതാണ്. ടി സ്ഥലം എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് അനുയോജ്യമാണ്. |

**സെക്ഷൻ ഓഫീസർ**